# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:19.03.2026**

## പ്രധാനവാർത്തകൾ

1. സംസ്ഥാനം തിരഞ്ഞെടുപ്പ് ചൂടിലേക്ക്. വോട്ടെടുപ്പിന് 21 ദിവസം ബാക്കിനിൽക്ക പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ.

2. നിയമസഭാ തിരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥികളുടെ പത്രികാസമർപ്പണം പുരോഗമിക്കുന്നു. വീട്ടിൽ വോട്ടു ചെയ്യുന്നവർക്ക് അപേക്ഷ നൽകാനുള്ള സമയപരിധി നാളെ അവസാനിക്കും.

3. രാജ്യത്തുടനീളം ഗതാഗത ആവശ്യങ്ങൾക്കായുള്ള സിഎൻജി, ഗാർഹിക ആവശ്യങ്ങൾക്കുള്ള പിഎൻജി എന്നിവയുടെ നൂറു ശതമാനം വിതരണം ഉറപ്പാക്കിയതായി കേന്ദ്ര സർക്കാർ.

4. കോഴിക്കോട് ഷിഗല്ല ബാധിച്ച മൂന്നു വയസ്സുള്ള കുട്ടി മരിച്ചു. പ്രദേശത്ത് ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യ വകുപ്പ്.

5. ആലപ്പുഴ ജില്ലയിൽ വീണ്ടും പക്ഷിപ്പനി റിപ്പോർട്ട് ചെയ്തു. പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി ജില്ലാ ഭരണകൂടം.

6. ശബരിമല സ്വർണ അപഹരണക്കേസിൽ പ്രതികളായ പങ്കജ് ഭണ്ഡാരിക്കും, ഗോവർദ്ധനും കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചു.

RIJU TVPM

## തിരഞ്ഞെടുപ്പ്

ഏപ്രിൽ ഒൻപതിന് വോട്ടെടുപ്പ് നടക്കുന്ന കേരളം, പുതുച്ചേരി, അസം എന്നിവിടങ്ങളിൽ നാമനിർദേശ പത്രികാ സമർപ്പണം പുരോഗമിക്കുക യാണ്. തിങ്കളാഴ്ച വരെയാണ് പത്രിക സമർപ്പിക്കാനുള്ള സമയപരിധി. 24 നാണ് സൂക്ഷ്മ പരിശോധന. 26 വരെ പത്രിക പിൻവലിക്കാം. വോട്ടെണ്ണൽ മെയ് നാലിന് നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## തെരഞ്ഞെടുപ്പ്-കേരളം

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പിന് ഇനി 21 ദിവസം. സ്ഥാനാർത്ഥി നിർണയം പൂർത്തിയാക്കിയ മണ്ഡലങ്ങളിൽ പ്രചാരണ പരിപാടികൾ ഊർജ്ജിതമാക്കി സ്ഥാനാർത്ഥികൾ. നാമനിർദ്ദേശ പത്രികകൾ പൊതുഅവധി ദിവസങ്ങളിൽ സ്വീകരിക്കില്ലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ അറിയിച്ചു. റമദാൻ പ്രമാണിച്ച് നാളെ പൊതുഅവധി ആയതിനാൽ പത്രികകൾ സ്വീകരിക്കില്ല. പത്രികാ സമർപ്പണത്തിന് പരിമിതമായ സമയം മാത്രമേ ലഭ്യമാകൂ എന്നതിനാൽ, രാഷ്ട്രീയ പാർട്ടികൾ സ്ഥാനാർത്ഥികൾക്ക് ഇതു സംബന്ധിച്ച് കൃത്യമായ നിർദ്ദേശം നൽകണമെന്നും അദ്ദേഹം അറിയിച്ചു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## കണ്ണൂർ -തെരഞ്ഞെടുപ്പ്

നിയമസഭാ തിരഞ്ഞെടുപ്പിൽ മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂർ ധർമ്മടം നിയോജക മണ്ഡലത്തിൽ എൽ.ഡി.എഫ് സ്ഥാനാർത്ഥി യായി നാമനിർദ്ദേശപത്രിക സമർപ്പിച്ചു. തലശ്ശേരി ജില്ലാ രജിസ്ട്രാർ ഓഫീസിലാണ് പത്രിക സമർപ്പിച്ചത്. കൊല്ലത്ത് യുഡിഎഫ് സ്ഥാനാർഥി ബിന്ദു കൃഷ്ണ നാമനിർദ്ദേശപത്രിക സമർപ്പിച്ചു. ആനന്ദവല്ലീശ്വരം ക്ഷേത്ര മൈതാനത്തുനിന്നും പ്രവർത്തകരോടൊപ്പം പ്രകടനവുമായി എത്തിയാണ് പത്രിക സമർപ്പിച്ചത്. തൃശൂർ ജില്ലയിലെ മണലൂർ നിയോജക മണ്ഡലത്തിൽ മത്സരിക്കുന്ന യുഡിഎഫ് സ്ഥാനാർഥി ടി.എൻ പ്രതാപനും ഇന്ന് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ബിജെപി പട്ടിക

നിയമസഭ തിരഞ്ഞെടുപ്പിൽ 39 സ്ഥാനാർത്ഥികളുടെ രണ്ടാം ഘട്ട പട്ടിക പുറത്തിറക്കി ബി.ജെ.പി. ആറന്മുളയിൽ കുമ്മനം രാജശേഖരൻ മത്സരിക്കും. ധർമ്മടം മണ്ഡലത്തിൽ കെ.രഞ്ജിത്താണ് ഇത്തവണ ജനവിധി തേടുന്നത്. മഞ്ചേരിയിൽ പത്മശ്രീ എമ്മും കുണ്ടറയിൽ റോബിൻ രാധാകൃഷ്ണനും മത്സരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ആലപ്പുഴ തെരഞ്ഞെടുപ്പ്

ആലപ്പുഴ നിയോജക മണ്ഡലത്തിലെ എൽ ഡി എഫ് സ്ഥാനാർഥി പി.പി. ചിത്തരഞ്ജൻ നാമനിർദ്ദേശപത്രിക സമർപ്പിച്ചു. ആലപ്പുഴ ആർ.ഡി.ഒ സമീർ കിഷൻ മുമ്പാകെയാണ് പത്രിക സമർപ്പിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## നിയമസഭ തിരഞ്ഞെടുപ്പ് (ഇൻട്രോ)

നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാനെത്തുന്നവരിൽ വോട്ടർ തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടുള്ളവർ പോളിങ് സ്റ്റേഷനിൽ അത് ഹാജരാക്കണമെന്ന് തെരഞ്ഞെടുപ്പു കമ്മീഷൻ. തെരഞ്ഞെടുപ്പു നടക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർമാർക്ക് അയച്ച കത്തിലാണ് ഇക്കാര്യം വിശദമാക്കിയിട്ടുള്ളത്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി

(Voice)

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## പോസ്റ്റൽ ബാലറ്റ്

അവശ്യസേവന വിഭാഗത്തിൽപ്പെട്ട വകുപ്പുകളിൽ നിന്ന് തെരഞ്ഞെടുപ്പ് ജോലിക്ക് നിയുക്തരായവർ തപാൽ വോട്ടിന് 21 വരെ അപേക്ഷിക്കണം. ഫോം പൂരിപ്പിച്ച് 21ന് മുമ്പായി റിട്ടേണിങ് ഓഫീസർക്ക് സമർപ്പിക്കണം. ഏപ്രിൽ 3, 4, 5 തീയതികളിൽ വോട്ടർ ഫെസിലിറ്റേഷൻ സെൻററുകളിൽ വോട്ട് രേഖപ്പെടുത്താം.

## പാലക്കാട് - തിരഞ്ഞെടുപ്പ് (ഇൻട്രോ)

പ്രധാന മുന്നണികൾ എല്ലാം സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചതോടെ പാലക്കാട് തിരഞ്ഞെടുപ്പ് രംഗം സജീവമായി. ജില്ലയിൽ നിയമസഭ തിരഞ്ഞെടുപ്പ് സുഗമമാക്കുന്നതിന് ജില്ലാ ഭരണകൂടവും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ല പ്രതിനിധി ഫൈസൽ അലി മുത്ത്

(വോയ്സ്)

## റാൻഡമൈസേഷൻ

നിയമസഭാ പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് വോട്ടിംഗ് മെഷീനുകളുടെ ആദ്യ റാൻഡമൈസേഷൻ പൂർത്തിയായി. ജില്ലാ കളക്ടർ അനു കുമാരിയുടെ നേതൃത്വത്തിൽ കളക്ടറേറ്റിൽ നടന്ന റാൻഡമൈസേഷനിൽ ജില്ലയുടെ ചുമതലയുള്ള മൂന്ന് ജനറൽ ഓബ്സർവർമാരും വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളും പങ്കെടുത്തു. ഇടുക്കി, എറണാകുളം ജില്ലയിലെ ഒന്നാംഘട്ട റാൻഡമൈസേഷനും പൂർത്തിയായിട്ടുണ്ട്.

## പോലീസ് മുന്നൊരുക്കങ്ങൾ

പൊതുതിരഞ്ഞെടുപ്പിന്റെ ഭാഗമായി പോലീസിന്റെ ഭാഗത്തുനിന്നുള്ള എല്ലാ മുന്നൊരുക്കങ്ങളും തിരുവനന്തപുരം ജില്ലയിൽ പൂർത്തിയായി വരുന്നതായി സിറ്റി പോലീസ് കമ്മീഷണർ കെ.കാർത്തിക് അറിയിച്ചു. തിരഞ്ഞെടുപ്പ് ബോധവത്ക്കരണം സംബന്ധിച്ച് പോലീസ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനവും പൂർത്തിയായി. പൊതുതിരഞ്ഞെടുപ്പു മായി ബന്ധപ്പെട്ട് ജില്ലയിലെത്തിയ പോലീസ് ഒബ്സർവർ സ്വപ്നിൽ മാംഗെയ്നിന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലാണ് കമ്മീഷണർ ഇക്കാര്യം അറിയിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഫോം വിതരണം

നിയമസഭാ തിരഞ്ഞെടുപ്പിൽ വീട്ടിൽ വോട്ടു ചെയ്യുന്നവർക്ക് അപേക്ഷ നൽകാനുള്ള സമയപരിധി നാളെ അവസാനിക്കും. അപേക്ഷകർക്ക് തിരഞ്ഞെടുപ്പ് കമ്മിഷന്റെ പോർട്ടലിൽ നിന്നു ഡൗൺലോഡ് ചെയ്തെടുത്ത ഫോം 12 ഡിയിൽ ബൂത്ത് ലവൽ ഓഫിസർ മുഖേനയോ നേരിട്ട് റിട്ടേണിങ്ങ് ഓഫീസർക്കോ നൽകാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. 85 വയസ് പിന്നിട്ടവർക്കും 40 ശതമാനത്തിലേറെ ഭിന്ന ശേഷി യുള്ളവർക്കുമാണ് നിയമസഭാ തിരഞ്ഞെടുപ്പിൽ വീട്ടിൽ വോട്ടു ചെയ്യാനാവുക. കേരളത്തിന് പുറമേ  തിരഞ്ഞെടുപ്പ് നടക്കുന്ന അസം, പുതുച്ചേരി, പശ്ചിമ ബംഗാൾ, തമിഴ് നാട് എന്നിവിടങ്ങളിലും പോസ്റ്റൽ ബാലറ്റ് സംവിധാനം സജ്ജീകരിച്ചതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## സുജാത ശർമ്മ ഇൻട്രോ

രാജ്യത്തുടനീളം ഗതാഗത ആവശ്യങ്ങൾക്കായുള്ള സിഎൻജി, ഗാർഹിക ആവശ്യങ്ങൾക്കുള്ള പിഎൻജിഎന്നിവയുടെ നൂറു ശതമാനം വിതരണം ഉറപ്പാക്കിയതായി കേന്ദ്ര സർക്കാർ അറിയിച്ചു. പശ്ചിമേഷ്യയിലെ സമീപ കാല സംഭവവികാസങ്ങളെക്കുറിച്ച് ന്യൂഡൽഹിയിൽ നടന്ന അന്തർ മന്ത്രാലയ വാർത്താസമ്മേളനത്തിൽ സംസാരിക്കവെ, പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മയാണ് ഇക്കാര്യം വ്യക്തമാക്കിയത്.ഓൺലൈൻ ബുക്കിംഗ് നിരക്ക് 94 ശതമാന മായി ഉയർന്നതായും പരിഭ്രാന്തി മൂലമുള്ള ബുക്കിംഗുകൾ കുറഞ്ഞതായും ശ്രീമതി സുജാത ശർമ്മ പറഞ്ഞു.

(Byte)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## കോഴിക്കോട് ഷിഗല്ല

കോഴിക്കോട് ഷിഗല്ല ബാധിച്ച മൂന്നു വയസ്സുള്ള  കുട്ടി മരിച്ചു. പെരുവയൽ സ്വദേശിയായ കുട്ടിയാണ് മരിച്ചത്.മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. പ്രദേശത്ത് കിണറുകളിൽ ക്ലോറിനേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. ജനങ്ങളിൽ

രോഗത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ ക്ലാസുകളും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## പക്ഷിപ്പനി (ഇൻട്രോ)

ആലപ്പുഴ ജില്ലയിൽ വീണ്ടും പക്ഷിപ്പനി റിപ്പോർട്ട് ചെയ്തു. പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനായി ഇന്ന് ഉന്നതല യോഗം ചേർന്നു.

വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ല പ്രതിനിധി രവി കുമാർ

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല സ്വർണ്ണ കൊള്ള

ശബരിമല സ്വർണ അപഹരണക്കേസിൽ പ്രതികളായ പങ്കജ് ഭണ്ഡാരിക്കും, ഗോവർദ്ധനും കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചു. അറസ്റ്റിലായി 90 ദിവസമായിട്ടും പ്രത്യേക അന്വേഷണസംഘം കുറ്റപത്രം സമർപ്പിക്കാത്ത സാഹചര്യത്തിൽ സ്വാഭാവിക ജാമ്യമാണ് പ്രതികൾക്ക് ലഭിച്ചത്. ഇതോടെ കേസിൽ പ്രതികളായ 10 പേർ ജാമ്യം നേടി. കെ. പി. ശങ്കരദാസും, എൻ. വിജയകുമാറും മാത്രമാണ് ഇനി റിമാൻഡിൽ അവശേഷിക്കുന്നത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## റമദാൻ

സംസ്ഥാനത്ത് റംസാൻ മാസപ്പിറവി ഇന്ന് ദൃശ്യമായാൽ വിവരം അറിയിക്കണമെന്ന് വിവിധ ഖാസിമാർ അറിയിച്ചു. ഒമാൻ ഒഴികെയുള്ള ഗൾഫ് രാജ്യങ്ങളിൽ നാളെയാണ് ചെറിയ പെരുന്നാൾ. ഈദുൽ ഫിത്തർ പ്രമാണിച്ച് ഗവർണർ രാജേന്ദ്ര് വിശ്വനാഥ് ആർലേക്കർ ലോകമെമ്പാടും ഉള്ള കേരളീയർക്ക് ആശംസകൾ നേർന്നു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

❁❁❁❁❁❁❁❁❁❁❁❁

❁❁❁❁❁❁❁